ആരിഫാ ഹമീദ് പൈങ്ങോട്ടായി

# ജീവിത വിജയം സമ്മാനിക്കുന്ന മൂന്ന് മൂല്യങ്ങൾ

عَنْ أَبِي أَيُّوبِ الأَنْصَارِي رضي الله عنه قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ ﷺ فَقَالَ عِظْنِي وَأَوْجِزْ فَقَالَ إِذَا قُمْتَ فِي صَلاَتِكَ فَصَلِّ صَلاَةَ مُوَدِّعٍ وَلاَتُكَلِّمْ بِكَلاَمٍ تَعْتَذِرُ مِنْهُ غَدًا وَاَجْمَعِ الْإِيَاسَ مِمَّا فِي اَيْدِى النَّاسِ

അബൂ അയ്യൂബിൽ അൻസ്വാരി(റ)യിൽനിന്ന് നിവേദനം: ഒരാൾ നബി(സ)യുടെ അരികെ വന്നിട്ട് പറഞ്ഞു: വളരെ സംഗ്രഹിച്ച് എനിക്ക് ഉപദേശം നൽകിയാലും. നബി(സ) പറഞ്ഞു: നീ നമസ്കാരത്തിനായി നിന്നാൽ വിടവാങ്ങുന്നവന്റെ നമസ്കാരം നിർവഹിക്കുക. നാളെ ക്ഷമാപണം നടത്തേണ്ടി വരുന്ന വിധത്തിലുള്ള ഒരു സംസാരവും നീ സംസാരിക്കാതിരിക്കുക. ജനങ്ങളുടെ കൈയിലുള്ളത് ആശിക്കാതിരിക്കുക (അഹ്മദ്).

ജീവിതത്തിൽ ഉപകാരപ്രദമായ കാര്യങ്ങൾ സംക്ഷിപ്തമായി ഉപദേശിക്കണമെന്ന് ആവശ്യപ്പെട്ട അനുചരനോട് നബി(സ) ആവശ്യപ്പെട്ട കാര്യമാണ് ഈ ഹദീസിൽ. ഒരാളുടെ ജീവിതത്തിൽ വളരെയേറെ ഫലപ്രദമായ മൂന്ന് കാര്യങ്ങളാണ് നബി(സ) പഠിപ്പിച്ചത്. മനുഷ്യന്റെ ആയുസ്സ് മുൻകൂട്ടി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. മരണം ഏത് സമയവും അവനെ പിടികൂടാം. ഒരു നമസ്കാരശേഷം മറ്റൊന്ന് നിർവഹിക്കാൻ അവന് സാധിച്ചുകൊള്ളണമെന്നില്ല. അതിനാൽ ഇത് തന്റെ ഒടുവിലത്തെ നമസ്കാരമാകാം എന്ന ധാരണയോടെ നമസ്കരിക്കുക. അങ്ങനെ നമസ്കരിക്കുമ്പോൾ അത് ഭക്തിപൂർണമായ നമസ്കാരമാകും. അപ്രകാരം തഖ്‌വയോടെ നമസ്കാരം നിർവഹിക്കപ്പെടുമ്പോൾ അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ട ഫലം സിദ്ധിക്കുകയും ചെയ്യുന്നു. ജീവിതം അനിശ്ചിതമാണ്. ഏതു സമയവും മരണം തന്നെ പിടികൂടാം എന്ന ബോധ്യവും അങ്ങനെയുള്ള നമസ്കാരം അവനിൽ ഉണ്ടാക്കുന്നു.

'നാളെ ക്ഷമാപണം നടത്തേണ്ടിവരുന്ന വിധത്തിൽ ഒരു സംസാരവും അരുത്' എന്നാണ് ഹദീസിലെ രണ്ടാമത്തെ നിർദേശം. ഏറെ സൂക്ഷിക്കേണ്ട മനുഷ്യന്റെ അവയവമാണ് നാവ്. ഒരാൾക്ക് ശത്രുവെ ഉണ്ടാക്കുന്നതും മിത്രത്തെ സമ്മാനിക്കുന്നതിലുമെല്ലാം നാവിന്റെ പങ്ക് പ്രധാനമാണ്. പലരും സംസാരത്തിൽ വേണ്ടത്ര സൂക്ഷ്മത പാലിക്കാറില്ല. അവരോട് ക്ഷമ ചോദിക്കേണ്ടതായും വരും. ചില സന്ദർഭങ്ങളിൽ ക്ഷമ ചോദിച്ചാലും ഫലമുണ്ടാവണമെന്നില്ല. കത്തി കൊണ്ട് ശരീരത്തിൽ മുറിവുണ്ടായാൽ മരുന്ന് പുരട്ടി സുഖപ്പെടുത്താം. പക്ഷേ, നാവ് കൊണ്ട് ഹൃദയത്തിൽ മുറിവേൽപിച്ചാലോ? അത് സുഖപ്പെടുത്തുക പ്രയാസമാണ്. ഒറ്റ വാക്ക് കാരണം വർഷങ്ങളോളം പരസ്പരം ശത്രുക്കളായി കഴിയുന്ന ആളുകളുണ്ട്. നിങ്ങൾ അസഭ്യം പറയരുത്, അനാവശ്യം പറയരുത് എന്നല്ല ഇവിടെ നബി(സ) പറഞ്ഞത്. ക്ഷമ ചോദിക്കാൻ കാരണമാകുന്ന യാതൊന്നും പറയാതിരിക്കുക എന്നാണ്. അന്യരുടെ അഭിമാനത്തെയും വികാരത്തെയും വ്രണപ്പെടുത്തുന്ന വിധത്തിൽ സംസാരിക്കാതിരിക്കാൻ വിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതാണ്.

ഭൗതിക ജീവിതാനുഗ്രഹങ്ങൾ അല്ലാഹു ഇച്ഛിക്കുന്നവർക്ക് ലഭിക്കും. നമുക്കത് ആഗ്രഹിക്കുകയും അത് നേടാൻ അനുവദനീയമായ മാർഗത്തിൽ പണിയെടുക്കുകയും ചെയ്യാം. എന്നാൽ തന്നേക്കാൾ ഭൗതികാനുഗ്രഹങ്ങൾ ലഭ്യമായ അയൽവാസിയെ നോക്കി അതിൽ അസൂയപ്പെട്ട് എങ്ങനെയും അത് നേടാൻ ശ്രമിക്കുന്നത് വിപത്തുകൾ വിളിച്ച് വരുത്തും. ദൈവം അനുവദിക്കാത്ത വഴി സ്വത്ത് സമ്പാദനത്തിനായി തെരഞ്ഞെടുക്കേണ്ടി വരുമെന്നതാണ് ഈ വിഷയത്തിലെ ആദ്യ അപകടം. അത് പിന്നീട് കൂടുതൽ തിന്മകളിലേക്കും വെട്ടിപ്പിലേക്കും നയിക്കും. ക്രമേണ ദൈവിക മാർഗത്തിൽനിന്ന് ആ വ്യക്തി അകന്നുപോവുകയും ചെയ്യും. തദ്ഫലമായി അയാളുടെ പാരത്രിക ജീവിതം പരാജയമായിത്തീരുന്നു. തനിക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളിൽ തൃപ്തനായി ജീവിതം നയിക്കുകയാണ് ഓരോ വിശ്വാസിയും ചെയ്യേണ്ടത്. ഹദീസ് പരിചയപ്പെടുത്തുന്ന മൂന്ന് ജീവിത മൂല്യങ്ങളും പാലിക്കാനായാൽ വിശ്വാസിക്ക് ഇഹപര വിജയവും സംതൃപ്തിയും നേടാൻ അത് മതിയാകും. ■